ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/12/2016*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2014-16*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**





- **For scientific Ayurvedic treatments with a traditional touch**
- **SNEHA SWEDA KARMAS & PANCHAKARMA treatments are also done.**
- **Specialised in SIDHA medicine**

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*



॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**


ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 4 ലക്കം 06

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 മാർഗ്ഗശീർഷ – പൗഷ
1192 വൃശ്ചികം – ധനു 2016 ഡിസംബർ

വാർഷിക വരിസംഖ്യ: ₹60 /- ദീർഘകാലം: ₹1000/-



**സ്വാമി ശ്രദ്ധാനന്ദ് (1856 – 1926)**

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| ഡിസംബർ 08 | : | ഭായ് പരമാനന്ദ് നിർവ്വാണദിനം |
| ഡിസംബർ 17 | : | രാജേന്ദ്രലാഹിരി രക്തസാക്ഷിദിനം |
| ഡിസംബർ 19 | : | രാംപ്രസാദ് ബിസ്മിൽ, അഷഫാഖുള്ളാ ഖാൻ, രോഷൻസിംഗ് എന്നിവരുടെ രക്ത സാക്ഷിദിനം |
| ഡിസംബർ 23 | : | സ്വാമി ശ്രദ്ധാനന്ദ് ബലിദാന ദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

***മണ്ഡലം 1 സൂക്തം 6***



***മധുഛന്ദാ ഋഷിഃ മരുതഃ ദേവതാഃ ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ***

വിളു ചിദാരുജത്നുഭിര്ഗുഹാ ചിദിന്ദ്ര വഹ്നിഭിഃ ।
അവിന്ദ ഉസ്രിയാ അനു ॥

*(ഋഗ്വേദം 1.6.5)*

**പദാർത്ഥം:** (ചിത്) എങ്ങനെയാണോ മനുഷ്യർ തങ്ങളുടെ സമീപത്തുള്ള പദാർത്ഥങ്ങളെ എടുത്തുയർത്തുന്നത് (ചിത്) അതേ പോലെ സൂര്യനും (വീളു) ദൃഢബലത്താൽ (ഉസ്രിയഃ) സ്വന്തം കിരണങ്ങളാൽ സാംസാരിക പദാർത്ഥങ്ങളെ പ്രാപിക്കുന്നു. (അനു) അതിനുശേഷം സൂര്യൻ അവയെ ഛേദിച്ച് (അരുജ്ത്നുഭിഃ) ഭംഗം വരുത്തി (വഹ്നിഭിഃ) ആകാശം തുടങ്ങിയ ദേശങ്ങളിൽ എത്തിക്കുന്നതിനായി പവനനോടൊപ്പം മുകളിലോട്ടും കീഴോട്ടും കൊണ്ടു പോയി (ഗുഹാ) അന്തരീക്ഷത്തിൽ തട്ടിയും താഴ്ത്തിയും വർത്തിക്കുന്നു.

**ഭാവാർത്ഥം:** ഈ മന്ത്രത്തിൽ ഉപമാലങ്കാരമാണ്. എങ്ങിനേയാണോ ബലവാനായ പവനൻ വേഗതയാൽ വൻവൃക്ഷങ്ങളെ കടപുഴക്കി അവയെ ഒന്നിനു മുകളിൽ ഒന്നായി വീഴ്ത്തുന്നത് അതേ പോലെ സൂര്യൻ തന്റെ കിരണങ്ങളാൽ അവയിൽ ഛേദനം നടത്തി അവയെ മുകളിലും താഴേയുമായി വീഴ്ത്തുന്നു. ഇപ്രകാരം ഈശ്വരീയ നിയമത്താൽ സർവ്വപദാർത്ഥങ്ങളുടേയും ഉൽപ്പത്തിയും വിനാശവും ഉണ്ടാവുന്നു.

"അല്ലയോ ഇന്ദ്ര ! നീ ശീഘ്രഗാമിയായ വായുവിനോടൊത്ത് അപ്രാപ്തമായ സ്ഥാനത്തുള്ള പശുക്കളെ പ്രാപിച്ചാലും." മോക്ഷമൂലർ സാഹിബ്ബിന്റെ ഈ വ്യാഖ്യാനവും അസംഗതമാണ്. 'ഉസ്ര' എന്ന പദം നിഘണ്ടുവിൽ രശ്മി എന്നാണ്. അതിനെ സൂര്യന്റെ കിരണമായി അറിയണം. ഗുഹ എന്നത് എല്ലാറ്റിനേയും അടച്ചുവെക്കുന്നതായതിനാൽ അന്തരീക്ഷമെന്നു ഗ്രഹിക്കണം.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ.എം. രാജൻ)*

***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)***
***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## ഗുരുകുല വാർഷികം 'വേദായനം' ബാലസംസ്കാര ശിബിരം



**കാറൽമണ്ണ** : കാറൽമണ്ണ വേദഗുരുകുലത്തിന്റെ (പണ്ഡിറ്റ് ഋഷിറാം ആര്യോപദേശക് മഹാവിദ്യാലയം) ഒന്നാം വാർഷിക ആഘോഷത്തോടനുബന്ധിച്ച് 'വേദായനം' എന്ന വേദപ്രചാരണ യജ്ഞം നടത്തുന്നു. സ്വാമി ശ്രദ്ധാനന്ദന്റെ ബലിദാന ദിനമായ ഡിസംബർ 23 മുതൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന സത്സംഗ പരിപാടികളിൽ ആര്യജഗത്തിലെ പ്രശസ്ത സന്യാസിവര്യന്മാരും വേദപണ്ഡിതരും പങ്കെടുത്ത് മാർഗ്ഗദർശനം നൽകുന്നതാണ്.

ഇതോടനുബന്ധിച്ച് ആര്യസമാജത്തിന്റെ യുവജനവിഭാഗമായ ആര്യ വീർദളിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി 5 ദിവസം നീണ്ടു നിൽക്കുന്ന ബാലസംസ്ക്കാര ശിബിരവും ഉണ്ടായിരിക്കും. 5-ാം തരം മുതൽ 10-ാം ക്ലാസ്സ് വരെയുള്ള തിരഞ്ഞെടുത്ത 30 ആൺക്കുട്ടികൾക്കാണ് ഈ ശിബിരത്തിൽ പ്രവേശനം നൽകുക. ഗുരുകുലത്തിൽ തന്നെ താമസിച്ച് ഇവിടത്തെ ദിനചര്യക്കനുസരിച്ച് 5 ദിവസവും പൂർണ്ണ സമയം ഈ ശിബിരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടുക ഫോൺ: 9562529095, 9446017440.





## വേദപഠനക്ലാസും ശ്രദ്ധാഞ്ജലി സഭയും

വെള്ളിനേഴിആര്യസമാജത്തിന്റെ നേതൃത്വത്തിൽ കേരളീയരീതിയിലുള്ള വേദാലാപന പഠനക്ലാസ് ദീപാവലിദിനത്തിൽ ആരംഭിച്ചു. സർവ്വശ്രീ കോതമംഗലം വാസുദേവൻ നമ്പൂതിരി, നാറാസ് കുഞ്ഞൻ നമ്പൂതിരി, ആത്രശ്ശേരി ത്രിവിക്രമൻ നമ്പൂതിരി എന്നിവർ ആദ്യ ദിവസം ക്ലാസ്സുകൾ എടുത്തു. അവധി ദിനങ്ങളിലായിരിക്കും സ്കൂൾ വിദ്യാർത്ഥികളെ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ ക്ലാസ്സുകൾ നടക്കുക.

അടുത്തയിടെ അന്തരിച്ച പ്രമുഖ ആര്യനേതാവും പരോപകാരിണി സഭയുടെ അധ്യക്ഷനുമായിരുന്ന ഡോ.ധരംവീർജിക്ക് ശ്രാദ്ധഞ്ജലി അർപ്പിക്കുന്ന ചടങ്ങും ഇതേ ദിവസം നടന്നു. ആചാര്യ ആനന്ദരാജ്, ആചാര്യ വാമദേവ്ജി അഭിലാഷ് ആര്യ, ഗോവിന്ദ പ്രസാദ് എന്നിവർ തദവസരത്തിൽ സംസാരിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുവന്ന ആര്യസമാജപ്രവർത്തകർ സംയുക്തമായാണ് ശ്രദ്ധാഞ്ജലി സഭ നടത്തിയത്.

**അധിഷ്ഠാതാ, വേദഗുരുകുലം**

***സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)***
***ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !***

(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ.എം. രാജൻ

## 1 പശുബലി, മാംസാഹാരം എന്നിവയ്ക്ക് വേദങ്ങളിൽ വിധിയുണ്ടോ ?

വേദങ്ങളുടെ വിഷയത്തിൽ ഏറ്റവും അധികം പ്രചരിക്കപ്പെടുന്ന തെറ്റിദ്ധാരണ വേദങ്ങളിൽ പശുബലി, മാംസാഹാരം എന്നിവയ്ക്ക് വിധിയുണ്ട് എന്നതാണ്.

ഈ തെറ്റിദ്ധാരണയുടെ മുഖ്യകാരണങ്ങളിവയാണ്. മാക്സ്മുള്ളർ ഗ്രിഫിത്ത് തുടങ്ങിയ വിദേശപണ്ഡിതൻമാരും മധ്യകാലീനവേദവ്യാഖ്യാതാക്കളായിരുന്ന സായണൻ മഹീധരൻ തുടങ്ങിയവരും വേദങ്ങളെ തെറ്റായി വ്യാഖ്യാനിച്ചു. കൂടാതെ ക്രൈസ്ത്വൻ - മുസ്ലീം - കമ്യൂണിസ്റ്റ് - നാസ്തിക വിചാരധാരകളുടെ അനുയായികൾ വെറും കേട്ടറിവുവെച്ച് തീരുമാനങ്ങളിലെത്തി.

ഏതൊരു വിഷയവും സിദ്ധാന്തവും കണ്ണടച്ചംഗീകരിക്കുന്നത് ബുദ്ധിമാൻമാരുടെ ലക്ഷണമല്ല. വേദസിദ്ധാന്തങ്ങളുടെ പരീക്ഷ വേദങ്ങളെ സാക്ഷിയാക്കി ചെയ്യാം. ഇത് നമ്മുടെ തെറ്റിദ്ധാരണ ഇല്ലാതാക്കാൻ സഹായിക്കും.

***ചോദ്യം 1 : വേദങ്ങളിൽ മാംസ ഭക്ഷണത്തിന് വിധിയുണ്ടോ ?***

**ഉത്തരം** : വേദങ്ങളിൽ മാംസം കഴിക്കുന്നതിന് സ്പഷ്ടമായ നിഷേധങ്ങളുണ്ട്.

ഒരു പ്രാണിയേയും കൊന്നുതിന്നരുതെന്ന് വ്യക്തമായി പറയുന്നുണ്ട്. ഉദാ: അല്ലയോ മനുഷ്യരേ! പശു തുടങ്ങിയ മൃഗങ്ങളെ ഒരിക്കലും ഹിംസിക്കരുത് (യജുർവ്വേദം 1.1)

ആരാണോ എല്ലാ പ്രാണികളേയും സ്വന്തം ആത്മാവിന് തുല്യം അറിയുന്നത് അതായത് തനിക്ക് ഹിതമായത് മറ്റുള്ളവർക്കും ഹിതമായിരിക്കട്ടെ എന്നു കരുതുന്നത് അവർക്ക് ശോകം തുടങ്ങിയവ ഉണ്ടാവില്ല. (യജുർവ്വേദം 40.7)

അരിഭക്ഷണമോ, ഉഴുന്നോ, എള്ളോ കഴിക്കൂ. ഇവ നിനക്കുള്ള രമണീയ ഭോജ്യപദാർത്ഥങ്ങളാണ്. നീ ഒരിക്കലും പുരുഷനേയോ സ്ത്രീകളേയോ ഹിംസിക്കരുത് (അഥർവ്വവേദം 6.140.2).

ഏതൊരു പുരുഷനും സ്ത്രീയും ഭ്രൂണം, അണ്ഡം എന്നിവ നശിപ്പിച്ചുണ്ടാക്കുന്ന മാംസം പച്ചയായോ വേവിച്ചോ കഴിക്കുകയാണെങ്കിൽ നാം അതിനെ എതിർക്കണം (അഥർവ്വവേദം 8.6.23)

നിർദ്ദോഷികളായവരെ കൊല്ലുന്നത് മഹാപാപമാണ്. നമ്മുടെ പശുക്കൾ, കുതിരകൾ, പുരുഷന്മാർ എന്നിവരെ വധിയ്ക്കരുത്. (അഥർവ്വവേദം 10.1.29)

ഈ മന്ത്രങ്ങളിൽ നിന്നും വേദങ്ങിൽ മാംസഭക്ഷണത്തിന് നിഷേധമുണ്ടെന്ന് സ്പഷ്ടമാവുന്നു.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 4 ലക്കം 05

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 മാർഗ്ഗശീർഷം - പൗഷ
1192 വൃശ്ചികം - ധനു 2016 ഡിസംബർ



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**



| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| വൈദിക ഈശ്വരൻ | : | 6 |
| ഉപദേശ മഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 9 |
| വേദാന്തി ധ്വാന്തി നിവാരണം | : | 10 |
| സംശയനിവാരിണി | : | 11 |
| മഹർഷി ദയാനന്ദ സരസ്വതി | : | 12 |
| വേദപ്രകാശം പാഠാവലി | : | 13 |
| വേദങ്ങളെ അറിയുക | : | 14 |
| വാർത്തകൾ | : | 15 |


**വിലാസം**


**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് - 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

### വയം സ്യാമ പതയോ രയീണാം



നമ്മൾ ഐശ്വര്യത്തിന്റെ പതി (സ്വാമി) യാവട്ടെ എന്നാണ് ഈ ഋഗ്വേദ മന്ത്രം (10.121.10) ഉദ്ബോധിപ്പിക്കുന്നത്. ഒരു വസ്തുവിന്റെ ഉചിതമായ ഉപയോഗം ചെയ്യാനാവുന്നവൻ, സദുപയോഗം ചെയ്യുന്നവൻ, സ്വന്തം ഇഷ്ടപ്രകാരം വിതരണം ചെയ്യാനാകുന്നവൻ, ദാനം ചെയ്യാനാവുന്നവൻ എന്നൊക്കെയാണ് സ്വാമി അഥവാ ഉടമസ്ഥൻ എന്നതുകൊണ്ടർത്ഥമാക്കുന്നത്. കേവലം ആ വസ്തുവിന്റെ സംരക്ഷണം നടത്തുന്നവനും കാത്തുസൂക്ഷിപ്പുകാരനുമായൊരാൾക്ക് അത് സ്വേച്ഛയോടെ ദാനം നൽകാനോ വിതരണം ചെയ്യാനോ സാധിക്കുന്നില്ലെങ്കിൽ അയാളതിന്റെ അധിപതിയാണ്. സ്വാമി അഥവാ യജമാനനല്ല. എന്തെന്നാൽ ഈ സൂക്ഷിപ്പുകാരനെ വേലക്കാരൻ എന്നേ പറയാനൊക്കൂ. ഇവിടെ ഓർക്കേണ്ടത് നാം ഐശ്വ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ര്യങ്ങളുടെ - സ്വത്തുക്കളുടെ സ്വാമിയാണോ അതോ സേവകനാണോ എന്നാണ്.

ഗൃഹസ്ഥാശ്രമത്തിൽ സൗഭാഗ്യം നിറയ്ക്കുന്ന ഒരു വസ്തുവുണ്ടെങ്കിൽ അത് ദാനമാണ് (രാതിഃ) യജുർവ്വേദത്തിലെ ഒരു മന്ത്രം പറയുന്നു. ഭദ്രോ നോ അഗ്നിഃ ആഹുതോ ഭദ്രാ രാതിഃ സുഭഗ ഭദ്രോ അധ്വരഃ (യജുർവ്വേദം 15.38). പങ്കുവെച്ചു നൽകൽ, വിതരണം ചെയ്യൽ എന്നിവയുടെ പ്രാധാന്യമാണിവിടെ വർണ്ണിക്കുന്നത്. നമ്മൾ ശ്രദ്ധാപൂർവ്വം അഞ്ച് അഗ്നികൾക്ക് ഹവിസ്സർപ്പിക്കുന്നു. ആ ഹവ്യമായ ജീവിതം ഭദ്രമായിതീരുന്നു. ഭവ്യമായിത്തീരുന്നുവെന്നർത്ഥം. മാതാപിതാക്കൾ, ആചാര്യൻ, അതിഥി, പരമേശ്വരരൂപിയായ അഗ്നി എന്നിവയാണ് ഈ അഞ്ചഗ്നികൾ.

ആശ്രമവ്യവസ്ഥയിലെ ആദ്യത്തെ 25 വർഷം ഈ അഞ്ചഗ്നികൾക്കായി സമർപ്പിക്കുന്ന ഒരാൾ തന്റെ അടുത്ത 25 വർഷം മാതാപിതാക്കൾ, ആചാര്യൻ, അതിഥി എന്നിവരുടെ പരിചരണവും പരമേശ്വരന്റെ ഉപാസനയിലൂടെ തന്റെ ജീവിതത്തെ നിഃസന്ദേഹം ഭദ്രമാക്കി ഭവ്യമാക്കിത്തീർക്കുന്നു. ആരാണോ നൽകുന്നതിനും വിതരണം ചെയ്യുന്നതിലും സമർത്ഥനായിതീരുന്നത് അയാളുടെ ജീവിതം ധന്യമാകുന്നു. തന്റെ ജീവിതത്തിലെ ധന-ഐശ്വര്യങ്ങളെ മറ്റുള്ളവർക്കുപകാരപ്രദമാകുന്ന വിധത്തിൽ ദാനം നൽകുന്നവർ അനേകം ദുഃഖങ്ങളിൽ നിന്നും കഷ്ടതകളിൽ നിന്നും രക്ഷപ്രാപിക്കുന്നു. മറിച്ച് തന്റെ സ്വത്തും ഐശ്വര്യങ്ങളുമെല്ലാം സ്വാർത്ഥകാര്യത്തിനുവേണ്ടി മാത്രം ഉപയോഗിക്കുന്നവന്റെ ജീവിതം കഷ്ടതകളും ദുരിതങ്ങളും നിറഞ്ഞതായിതീരും. അതിനാൽ ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കുന്നവർ 'അരാതി' (ദാനം നൽകാത്തവൻ)യായല്ലാ 'രാതിഃ' (ദാനവാനായി)യായി ജീവിതം നയിക്കട്ടെ എന്നാണ് മേൽവരിച്ച വേദമന്ത്രം ഉപദേശിക്കുന്നത് (ഭദ്രാ രാതിഃ).

ഇത്തരത്തിൽ ജീവിതം നയിച്ച തപസ്വികളായ അനേകംപേർ നമ്മുടെ ആർഷഭൂമിയിൽ ജന്മമെടുത്തിട്ടുണ്ട്. അവരിൽ ഒരാളാണ് സ്വാമി ശ്രദ്ധാനന്ദൻ. മഹർഷി ദയാനന്ദന്റെ അരുമശിഷ്യനുംസാമൂഹ്യനവോത്ഥാനനായകനുമായിരുന്ന അദ്ദേഹം ഒരു മതഭ്രാന്തന്റെ വെടിയേറ്റ് 1926 ഡിസംബർ 23 ന് രക്തസാക്ഷിയായി തീർന്നു. അദ്ദേഹത്തിന്റെ പാവനസ്മരണക്കുമുന്നിൽ നമുക്ക് പ്രണമിക്കാം. വേദം ഉദ്ബോധിപ്പിക്കുന്ന തരത്തിൽ ഐശ്വര്യങ്ങളുടെ സ്വാമിയാവാൻ ഏവർക്കും സർവ്വേശ്വരൻ അനുഗ്രഹം ചൊരിയട്ടെ.

**പത്രാധിപർ**

***തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)***
***ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു***







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

## പാഠം 6 — രാജധർമ്മം

**ചോദ്യം 13: മന്ത്രിയെ എങ്ങിനെ തിരഞ്ഞെടുക്കണം ?**

**ഉത്തരം** : വേദാദിശാസ്ത്രങ്ങളറിയുന്നവനും സ്വദേശിയുമായ ഉത്തമധാർമ്മികനായ വ്യക്തിയേയാണ് മന്ത്രിയാക്കേണ്ടത്.

**ചോദ്യം 14: രാജദൂതൻമാർക്കുണ്ടാവേണ്ട ഗുണങ്ങൾ ഏവ?**

**ഉത്തരം** : നിർഭയനും, നല്ല വക്താവും വഞ്ചന, കാപട്യം എന്നിവയില്ലാത്തവനുമായ പണ്ഡിതനായിരിക്കണം രാജദൂതൻ.

**ചോദ്യം 15: യുദ്ധത്തിൽ കൊല്ലാൻ പാടില്ലാത്തവർ ആരൊക്കെയാണ് ?**

**ഉത്തരം** : അഗാധമായി മുറിവേറ്റവൻ, ആയുധധാരിയല്ലാത്തവൻ, പിന്തിരിഞ്ഞോടുന്നവൻ, പരാജയം അംഗീകരിച്ചവൻ എന്നിവരെ വധിക്കാൻ പാടില്ല.

**ചോദ്യം 16: അത്തരം വ്യക്തികളെ എന്തു ചെയ്യണം ?**

**ഉത്തരം** : അത്തരക്കാരെ കീഴ്പ്പെടുത്തി കാരാഗൃഹത്തിലിടണം

**ചോദ്യം 17: പരാജയപ്പെട്ട ശത്രുക്കളോട് എങ്ങിനെ പെരുമാറണം ?**

**ഉത്തരം** : പരാജിതരായ ശത്രുക്കൾക്ക് ഭക്ഷണവും വസ്ത്രവും നൽകണം. ഭാവിയിൽ അപകടകാരികളായിതീരാൻ ഇടയുള്ളവരെ ജീവപര്യന്തം ജയിലിലടയ്ക്കണം അവരുടെ കുടുംബാംഗങ്ങൾക്ക് സുരക്ഷിതത്വം നൽകണം.

**ചോദ്യം 18: രാജാവിന്റെ പരമമായ ധർമ്മമെന്താണ് ?**

**ഉത്തരം** : പ്രജാപരിപാലനമാണ് രാജാവിന്റെ പരമമായ ധർമ്മം.

**ചോദ്യം 19: ആരെല്ലാമായി ശത്രുതവെച്ചുപുലർത്തരുത് ?**

**ഉത്തരം** : ബുദ്ധിമാനും കുലീനനും ധൈര്യവാനുമായ വ്യക്തികളോട് ശത്രുത വെച്ചുപുലർത്തരുത്.

**ചോദ്യം 20: രാജനീതിക്ക് ധർമ്മവുമായി ബന്ധമൊന്നുമില്ലേ ?**

**ഉത്തരം** : രാജധർമ്മത്തിനുതന്നെയാണ് രാജനീതി എന്നു പറയുന്നത്. അതിനാൽ അവ രണ്ടും വ്യത്യസ്ഥമല്ല.

(തുടരും)

***യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)***
***ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ***

(മുൻ ലക്കത്തിന്റെ തുടർച്ച)

**ആര്യവീർ ദളം – ബാലപംക്തി** **ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*

## ജോസഫ് കുക്ക് പാതിരിയുടെ പിൻമാറ്റം



**ആ** കാലത്ത് അമേരിക്കയിലെ പ്രസിദ്ധക്രിസ്തുമതസുവിശേഷകനായിരുന്ന ജോസഫ് കുക്ക് ബോംബെയിലെത്തി. ക്രിസ്തുമതം ഈശ്വരീയമാണെന്നു സ്ഥാപിക്കുന്നതിനായി ബോംബെയിലെ പണ്ഡിതൻമാരുമായി സംവാദത്തിന് വെല്ലുവിളിച്ചു. എന്നാൽ ആരും ഈ വെല്ലുവിളി ഏറ്റെടുക്കാൻ തയ്യാറാകാതിരുന്നപ്പോൾ സ്വാമിദയാനന്ദൻ മുന്നോട്ടുവന്നു. എന്നാൽ അദ്വിതീയ പണ്ഡിതനായ മഹർഷിയുടെ അടുത്തുവരാൻ കെൽപ്പില്ലാതെ ജോസഫ് പാതിരി ബോംബെയിൽ നിന്നും പോയി.

## മോനിയർ വില്യംസുമായുള്ള കൂടിക്കാഴ്ച

സ്വാമിജിയുടെ പാണ്ഡിത്യത്തെക്കുറിച്ചു കേട്ട ഇംഗ്ലണ്ടിലെ പ്രസിദ്ധ സാഹിത്യകാരനും സംസ്കൃത പ്രേമിയുമായ മോണിയർ വില്യംസ് അദ്ദേഹത്തെ കാണാനായി ബോംബെ ആര്യസമാജത്തിലെത്തി. സ്വാമിജിയുടെ പ്രഭാഷണത്തിന് ശേഷം അദ്ദേഹവുമായി അദ്ദേഹം സംഭാഷണത്തിലേർപ്പെട്ടു. മഹർഷി ദയാനന്ദന്റെ അഗാധപാണ്ഡിത്യം മനസ്സിലാക്കിയ അദ്ദേഹം വളരെ പ്രസന്നനായി.

കുറച്ചു ദിവസം മുമ്പ് ഉദയ്പൂരിലെ മഹാറാണയുടെ ക്ഷണം സ്വാമിജിക്കു ലഭിച്ചിരുന്നു. രാജസ്ഥാനിൽ പ്രചാരണത്തിനുള്ള അവസരം ഉപയോഗപ്പെടുത്താനായി അദ്ദേഹം അങ്ങോട്ട് തിരിച്ചു. മഹാറാണ സജ്ജൻസിംഗ് അദ്ദേഹത്തിന് വളരെ ആദരവോടെ സൽക്കാരമൊരുക്കി. സ്വാമിജിക്ക് താമസിക്കുന്നതിനായി മഹാറാണ അദ്ദേഹത്തിന്റെ സുന്ദരമായ പൂന്തോട്ടത്തോട് ചേർന്ന മാളിക നൽകി.

ഉദയ്പൂരിലെ വാസകാലത്ത് സ്വാമിജി ഉദയ്പൂർ രാജാവിനെ ക്ഷാത്രധർമ്മം ഉപദേശിച്ചു. സ്വാമിജിയുടെ ദിനംപ്രതിയുള്ള പ്രഭാഷണങ്ങൾ കേൾക്കാൻ ആയിരക്കണക്കിന്പേർവന്നുകൊണ്ടിരുന്നു. മഹാറാണയ്ക്ക് സ്വാമിജിയുമായി അഗാധബന്ധം വന്നു. അദ്ദേഹത്തിന്റെ ധർമ്മഭക്തി വളരെയധികം വികസിച്ചു. സ്വാമിജിയിൽ നിന്നും സംസ്കൃതം പഠിക്കാനും അദ്ദേഹം ആരംഭിച്ചു. ആറുമാസം കൊണ്ടുതന്നെ അത്യാവശ്യം യോഗ്യതനേടി. തുടർന്ന് മനുസ്മൃതി പഠിക്കാനാരംഭിച്ചു. മഹാറാണയുടെ ദിനചര്യയും സ്വാമിജി ചിട്ടപ്പെടുത്തികൊടുത്തു. സ്വാമിജിയുമായുള്ള സംസർഗ്ഗം കാരണം അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയമാറ്റം വരുത്തി. വേശ്യകളുടെ നർത്തനം കാണാനുള്ള ആസക്തി അദ്ദേഹത്തിൽ നിന്നും വിട്ടകന്നു.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

## അഥ വേദോൽപ്പത്തി വിഷയഃ

**ബ്ര**ഹ്മവൈവർത്താദി തുടങ്ങി ഇന്ന് അറിയപ്പെടുന്ന പുരാണങ്ങളും ബ്രഹ്മയാമല തുടങ്ങിയ തന്ത്രഗ്രന്ഥങ്ങളും അസംഭവ്യവും കപോലകൽപ്പിതവുമായ മിഥ്യാചരിതങ്ങളും ധാരാളമുള്ളതായതിനാൽ ഇവയിൽ പറയുന്ന ഇതിഹാസങ്ങളെ ആർക്കും പ്രമാണമായി കണക്കാക്കാനാവില്ല. സത്യഗ്രന്ഥമായ ശതപഥബ്രാഹ്മണം തുടങ്ങിയവയിലെ ഇതിഹാസത്തെ ത്യജിക്കാനും പാടില്ല.

**യോ മന്ത്രസൂക്താനാമൃഷിർലിഖിതസ്തേനൈവ തദ്രചിതമിതികുതോ ന സ്യാത് ?**

മൈവം വാദി | ബ്രഹ്മാദിഭിരപി വേദാനാമദ്ധ്യയനശ്രവണ യോഃ കൃതത്വാത് | 'യോ വൈ ബ്രഹ്മാണം വിദധാതി പൂർവ്വം യോ വൈ വേദാംശ്ച പ്രഹിണോതി തസ്മൈ' ഇതി ശ്വേതാശ്വതരോപനിഷദാദിവചനസ്യവിദ്യമാനത്വാത്| ഏവം യദർഷീണാമുൽപ്പത്തിരപി നാസീത്തദാ ബ്രഹ്മാദീനാം സമീപേ വേദാനാം വർത്തമാനത്വാത് തദ്യഥാ –

**അഗ്നി വായുരവിഭ്യസ്തു ത്രയം ബ്രഹ്മ സനാതനമ്| ദുദോഹ യജ്ഞ്യസിദ്ധ്യർത്ഥമൃഗ്യജുഃ സാമലക്ഷണമ്||1 ||അ.1 ||**

**അദ്ധ്യാപയമാസ പിതൃൻ ശിശുരംഗിരസഃകവിഃ ||അ.2 ||**

ഇതി മനുസാക്ഷ്യത്വാത്| അഗ്ന്യാദീനാം സകാശാദ് ബ്രഹ്മാപി വേദാനാമദ്ധ്യയനം ചക്രേ്ന്യേഷാം വ്യാസാദീനാം തു കാ കഥാ!

**ഭാഷാർത്ഥം:–** ചോദ്യം– സൂക്തങ്ങളുടേയും മന്ത്രങ്ങളുടേയും ഋഷിമാരുടെ പേര് എഴുതാറുണ്ടല്ലോ, അവർ അവയെ രചിച്ചുവെന്ന് എന്തുകൊണ്ട് കരുതിക്കൂടാ ?

**ഉത്തരം:** അങ്ങനെ പറയരുത്. എന്തെന്നാൽ ബ്രഹ്മാദി ഋഷിമാരും വേദങ്ങൾ പഠിച്ചിട്ടുണ്ട്. ശ്വേതാശ്വരാദി ഉപനിഷത്തുക്കളിൽ ഇങ്ങിനെ എഴുതിയിട്ടുണ്ട്. 'ആരാണോ ബ്രഹ്മാ ഋഷിയേ സൃഷ്ടിക്കുകയും ബ്രഹ്മാദികളെ സൃഷ്ടിയുടെ ആദ്യത്തിൽ അഗ്നി തുടങ്ങിയവരാൽ വേദങ്ങളെ ഉപദേശിക്കുകയും ചെയ്തത്, ആ പരമേശ്വരനെ നമ്മൾ ശരണംപ്രാപിക്കുന്നു. ഇത്തരത്തിൽ ഋഷിമാരും വേദാദ്ധ്യയനം ചെയ്തിട്ടുണ്ട്. മരീചി തുടങ്ങിയ ഋഷിമാരും വ്യാസൻ മുതലായ മുനിമാരും ജനിക്കുന്നതിനുമുമ്പ് തന്നെ ബ്രഹ്മാദികളുടെ പക്കൽ വേദങ്ങളുണ്ടായിരുന്നു. മനുവിന്റെ ശ്ലോകങ്ങളും ഇതിനുസാക്ഷിയാണ്. 'നേരത്തേ പറഞ്ഞ അഗ്നി, വായു, രവി, അംഗിരസ് എന്നിവരിൽ നിന്ന് ബ്രഹ്മാവ് വേദങ്ങളെ അധ്യയനം ചെയ്തു." ബ്രഹ്മാദികൾപോലും ഇത്തരത്തിലാണ് വേദാദ്ധ്യയനം ചെയ്തതെങ്കിൽ വ്യാസൻ തുടങ്ങിയവരുടെ കഥയെന്തു പറയാൻ !

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വൈദിക ഈശ്വരൻ

**കെ.എം. രാജൻ**

**ഈ** ആന്തരികശബ്ദമാണ് ഈശ്വരൻ. വൻ ശബ്ദങ്ങൾ മുഴക്കുന്ന നിരർത്ഥക സംഗീതബഹളം മൂലം നാം ഈ ആന്തരികശബ്ദത്തെ നിശ്ശബ്ദമാക്കുന്നു. എല്ലാം നിശ്ശബ്ദവാമുമ്പോൾ നാം ഈ ആന്തരിക ശബ്ദത്തെ ഉച്ചത്തിൽ കേൾക്കുന്നതായി അറിയുന്നു.

5. ശബ്ദബഹളത്തിൽ നിന്നും മുക്തമായി ശുദ്ധമാകുമ്പോൾ നേരിട്ടുള്ള ഈശ്വരസാന്നിദ്ധ്യത്തെ അറിയുന്നു.

അതിനാൽ മറ്റു വസ്തുക്കളെ അറിയുന്നതുപോലെ ഈശ്വരസാന്നിദ്ധ്യത്തെ നാം പ്രത്യക്ഷമായും പരോക്ഷമായുമുള്ള തെളിവുകളാൽ സ്ഥാപിക്കുന്നു.

**ചോദ്യം: ഈശ്വരൻ വസിക്കുന്നത് എവിടെയാണ്?**

**ഉത്തരം** : **1.** ഈശ്വരൻ സർവ്വവ്യാപകനാകയാൽ എല്ലായിടത്തും ഉണ്ട്. ആകാശത്തോ മറ്റേതെങ്കിലും പ്രത്യേക സ്ഥലത്തോ താമസിക്കുന്നവനാണ് ഈശ്വരൻ എങ്കിൽ അദ്ദേഹത്തിന് സർവ്വവ്യാപകൻ, സർവ്വശക്തിമാൻ, സർവ്വനിയന്ത്രിതാവ്, സൃഷ്ടിസ്ഥിതി സംഹാരമൂർത്തി എന്നിവ ആകാൻ കഴിയില്ല. താങ്കളുടെ സാന്നിദ്ധ്യമില്ലാത്തൊരിടത്ത് താങ്കൾക്ക് ഒരു പ്രവർത്തനവും നടത്താനാവില്ല. 2. ഇനി താങ്കൾ കരുതുന്ന ദൂരസ്ഥലത്തുള്ള സൂര്യൻ ഭൂമിക്ക് പ്രകാശം നൽകുകയും റിമോട്ട്കൺട്രോൾ വഴി ടെലിവിഷൻ നമുക്ക് കാണാനും കഴിയുമല്ലോ എന്നാണെങ്കിൽ താങ്കളുടെ ഈ ന്യായീകരണം കുറവുകളുള്ളതാണ്. സൂര്യപ്രകാശം ഭൂമിയിലെത്തുന്നതും റിമോട്ട് കൺട്രോൾ വഴി നമുക്ക് ടെലിവിഷൻ പ്രവർത്തിക്കുന്നതും റേഡിയോ ആക്ടീവ് തരംഗങ്ങൾ വഴിയാണ്. കാണാൻ കഴിയാത്തതിനാൽ നാം അതിനേ റിമോട്ട് കൺട്രോൾ എന്നു പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ ഒരു റിമോട്ട് കൺട്രോൾ ഇല്ല. അതിനാൽ ഈശ്വരൻ എന്തിനേയെങ്കിലും നിയന്ത്രിക്കുന്നുവെന്നു പറഞ്ഞാൽ അദ്ദേഹത്തിന് അവിടെ സാന്നിദ്ധ്യമുണ്ടെന്നും തൻമൂലം നിയന്ത്രിക്കുന്നുവെന്നുമാണ്. 3. ഇനി ഈശ്വരൻ സർവ്വശക്തിമാനാണ് എങ്കിൽ എന്തിനാണദ്ദേഹം ഒരു ചെറിയസ്ഥലത്ത് മാത്രം തന്നെ തളച്ചിടുന്നത്. ഇത് ഈശ്വരന്റെ ശക്തിയേകുറച്ചുകാണിക്കും. ക്രിസ്ത്യാനികൾ പറയുന്നു ദൈവം നാലാമത്തെ ആകാശത്താണെന്നും മുസ്ലീം ധർമ്മാനുയായികൾ പറയുന്നു അള്ളാഹു ഏഴാം ആകാശത്തിലുമാണെന്ന് അവരുടെ അനുയായികൾ തങ്ങളുടെ പക്ഷം ശരിയാണെന്നു സ്ഥാപിക്കാൻ പരസ്പരം വഴക്കിടുന്നു. ദൈവവും അള്ളാഹുവും വ്യത്യസ്ത ആകാശങ്ങളിലിരിക്കുന്നത് അവർ തങ്ങളുടെ ക്രുദ്ധരായ അനുയായികളെപോലെ തമ്മിൽ കലഹിക്കരുത് എന്നുകരുതിയാണോ?

വാസ്തവത്തിൽ ഇതെല്ലാം കുട്ടിക്കളിയാണ്. ഈശ്വരൻ സർവ്വശക്തിമാനും പ്രപഞ്ചം മുഴുവൻ നിയന്ത്രിക്കുന്നവനുമാണെങ്കിൽ ഈ മഹാപ്രപഞ്ചത്തിലെ പരിമിതമായ സ്ഥാനത്തേക്ക് ഭയം മൂലം തന്നെ തളച്ചിടുന്നതെന്ന് കരുതാൻ ന്യായീകരണങ്ങളൊന്നും കാണുന്നില്ല. മറിച്ചാണെങ്കിൽ അദ്ദേഹം സർവ്വശക്തിമാൻ എന്ന വിശേഷണത്തിനർഹനല്ല.

(തുടരും)

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**പ**ഞ്ചതത്ത്വങ്ങളുടെ അതായത് ഭൂമി, ജലം, അഗ്നി, വായു, ആകാശം ഇവയുടെ സന്തുലനാവസ്ഥയിലാണ് ആത്മാവ് സ്വസ്ഥശരീരത്തിൽ വസിയ്ക്കുന്നത്. ഈ സന്തുലനാവസ്ഥ വ്യത്യാസപ്പെടുമ്പോൾ ശരീരം രോഗത്തിന് അടിമപ്പെടുന്നു. ഏതെങ്കിലും ഒരു തത്വത്തിന്റെ ഏറ്റകുറച്ചിലുണ്ടായാൽ ആത്മാവിന് ശരീരത്തിൽ വസിയ്ക്കുന്നത് ദുഷ്കരമായിതീരുകയും ശരീരം ഉപേക്ഷിക്കുന്നതിന് ശ്രമിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ ശരിയായ ചികിത്സ നടത്തിയില്ലെങ്കിൽ മൃത്യുവിന് കാരണമായിതീരുന്നു.

**'യസ്യഛായാമൃതം യസ്യ മൃത്യുഃ'**

ഈശ്വാജ്ഞപാലിക്കുന്നവന് ഈശ്വരൻ അമൃതദാനം നൽകും എന്ന് വേദമന്ത്രം പറയുന്നു. ഇതിനുവിരുദ്ധമായി പ്രവർത്തിക്കുന്നവന് ആത്യന്തികദുഃഖം അതായത് മൃത്യു സംഭവിക്കുന്നു.

മനു മൃത്യുവിന്റെ കാരണങ്ങളെകുറിച്ച് ഇപ്രകാരം പറയുന്നു.

**അനഭ്യാസേന വേദാനാമാചരസ്യ ച വർജതാത് |**

**ആലസ്യാദന്ന ദോഷാശ്ച മൃത്യുർവിപ്രാഞ്ജിഘാംസതി |** (മനു. 5.4)

അതായത് അഭ്യസിക്കാതിരിക്കൽ, സദാചാരം ഉപേക്ഷിക്കൽ, അലസവും നിരാശജനകവുമായി ജീവിതം നയിക്കൽ, ചീത്ത ഭക്ഷണം കഴിക്കൽ തുടങ്ങിയവയെല്ലാം ബ്രാഹ്മണന്റെ മൃത്യുവിന് കാരണമായിതീരുന്നു. ബ്രാഹ്മണനെ (സദാചാരിയായ ശ്രേഷ്ഠ പുരുഷനെ) ആർക്കും വധിക്കാൻ സാധ്യമല്ല. എന്നാൽ അവനിൽ മേൽപറഞ്ഞ ദോഷങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ ആർക്കും രക്ഷിക്കുവാനും സാധ്യമല്ല. ബ്രഹ്മചര്യം ജീവനാണ്. വീര്യനാശം മൃത്യുവാണ്. സത്സംഗം ജീവനാണ്. കുസംഗം മൃത്യുവാണ്. വിദ്യ ജീവനവും അവിദ്യ മൃത്യുവുമാണ്. ഈശ്വരോപസാന ജീവനവും പ്രകൃതി ഉപാസന മൃത്യുവുമാണ്. മരണം ശരീരത്തിനുമാത്രമേ സംഭവിക്കുന്നുള്ളു എന്ന് പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ആത്മാവ് അമരനും നിത്യനുമാണ്.

**ചോദ്യം 55: മൃത്യുവിന്റെ സമയത്ത് ആത്മാവ് സ്ഥൂലശരീരത്തെ എങ്ങിനേയാണ് ഉപേക്ഷിക്കുന്നത്.?**

**ഉത്തരം:** ബൃഹദാരണ്യകമനുസരിച്ച് (4.5) മരണശേഷം ജീവാത്മാവ് പഞ്ചഭൂതങ്ങളിൽ സ്ഥിതനായിതീരുന്നു. അതായത് പൃഥിവീമയം, ആപോമയം, വായുമയം, തേജോമയം, ആകാശമയം എന്നിവയായിതീരുന്നു. ജീവാത്മാവ് സ്ഥൂലശരീരത്തെപ്പോലെ കത്തുകയോ ദഹിക്കുകയോ ചെയ്യുന്നില്ല. എന്നാൽ സൂക്ഷ്മശരീരത്തിൽ നിന്നുകൊണ്ട് സ്ഥൂലശരീരത്തിൽ നിന്ന് വ്യത്യസ്ഥമായി തീരുന്നു. ജീവികളുടെ അന്ത്യസമയത്ത് സൂക്ഷ്മശരീരം വേർപെടുന്നതുകൊണ്ടാണ് സ്ഥൂലശരീരം തണത്തുപോകുന്നത്. (വേദാന്തം 4.2.11)

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# വേദാന്തി ധ്വാന്തി നിവാരണം

**മഹർഷി ദയാനന്ദസരസ്വതി**

*തർജ്ജമ: കെ.എം. രാജൻ*

**ശാ**രീരികസൂത്രത്തിന്റെ നാലാമദ്ധ്യായം നാലാംപാദത്തിലും ഇത് നിരൂപണം ചെയ്തിട്ടുണ്ട്.

**അഭാവം വാദരിരാഹ ഹ്യേവമ് ||**

മോക്ഷസമയത്ത് മനസ്സൊഴികേയുള്ള മറ്റിന്ദ്രിയങ്ങളും ശരീരവും ജീവാത്മാവിന്റെ കൂടെയുണ്ടാവില്ല. എന്നാൽ മനസ്സുണ്ടുതാനും. മറ്റുള്ളവയുടെ അഭാവമുണ്ട്താനും. വാദരി ആചാര്യന്റേതാണ് ഈ അഭിപ്രായം.

**തഥാ:– ഭാവം ജൈമിനിർവ്വികൽപ്പാമനനാത് ||**

ജൈമിനി ആചാര്യന്റെ ഈ അഭിപ്രായം മോക്ഷവിഷയത്തിലുള്ളതാണ്. മോക്ഷാവസ്ഥയിൽ മനസ്സ് ജീവാത്മാവിനോടൊപ്പം ഉണ്ടായിരിക്കും. അതേപോലെ ഇന്ദ്രിയങ്ങളും സ്വശക്തി സ്വരൂപശരീരത്തിന്റെ സാമർത്ഥ്യവും മോക്ഷത്തിൽ വർത്തിയ്ക്കുന്നു. അതായത് ശുദ്ധസ്വഭാവികസാമർത്ഥ്യയുക്ത ജീവാത്മാവ് മോക്ഷാവസ്ഥയിൽ വർത്തിയ്ക്കുന്നു.

അതേപോലെ ബാദരായണ (വ്യാസൻ) മതം ഇപ്രകാരമാണ്.

**ദ്വാദശാഹവദുഭയവിധം ബാദരായണോഽതഃ ||**

അതായത് മൃതശൗച നിവൃത്തിക്കുശേഷം പന്ത്രണ്ടാം ദിനത്തിൽ സത്രയാഗരൂപമായും മറിച്ചും കണക്കാക്കുന്നുണ്ട്. ആ ദിവസം യജ്ഞത്തിന്റെ ഭാവവും അഭാവവും ഉണ്ട്. അതായത് സ്ഥൂലശരീരവും അവിദ്യാദി ക്ലേശങ്ങളുടെ അത്യന്ത അഭാവവും ജ്ഞാനത്തിന്റേയും ശുദ്ധസ്വശക്തിയുടേയും ഭാവവും സദാമോക്ഷാവസ്ഥയിൽ വർത്തിയ്ക്കുന്നു. സച്ചിദാനന്ദരൂപപരമാത്മാവിനൊപ്പം എല്ലാ ജനന മരണാദി ദുഃഖങ്ങളിൽ നിന്നും സദാനിവൃത്തി നേടി ജീവാത്മാവ് സദാ ആനന്ദത്തിലിരിക്കുന്നു എന്ന് ബാദരായണ (വ്യാസന്റെ) ന്റെ അഭിപ്രായമാണ്.

ഗൗതമമഹർഷിയുടേയും അഭിപ്രായമിതാണ് (ന്യായദർശനം 1.1)

**ദുഃഖജന്മപ്രവൃത്തി ദോഷമിഥ്യാജ്ഞാനാനാമുത്തരോ ആരാപായേ തദനന്തരാപാ യദവർഗ്ഗഃ (2)**

**സാധനാലക്ഷണം ദുഖമ് || 21 || തദത്യന്തവിമോക്ഷോഽപവർഗ്ഗഃ || 22 ||**

മിഥ്യാജ്ഞാനമെന്നത് ജഡവസ്തുവിൽ ചേതനബുദ്ധിയും ചേതനത്തിൽ ജഡബുദ്ധിയും തുടങ്ങിയ അനേകപ്രകാരത്തിലുള്ള മിഥ്യാജ്ഞാനമാണ്. അവയുടെ നിവൃത്തിയുണ്ടാകുന്നതോടെ അവിദ്യാദി ജീവാത്മാവിന്റേതായ ദോഷങ്ങൾ നിവൃത്തമാവുന്നു.

ദോഷനിവൃത്തിയുണ്ടാവുന്നതോടെ പ്രവൃത്തി അഥവാ വിഷയാസക്തിയും അന്യായത്തിൽ ആസക്തമാവുന്നതുമായവയ്ക്ക് നിവൃത്തിയുണ്ടാവുന്നു. പ്രവൃത്തിയിൽ നിന്ന് വിടുതൽ ലഭിക്കുന്നതോടെ ജന്മത്തിൽ നിന്നും വിടുതൽ ലഭിയ്ക്കുന്നു. ജന്മമില്ലാതാവുന്നതോടെ ദുഃഖങ്ങളില്ലാതാവുന്നു. സർവ്വ ദുഃഖങ്ങളിൽ നിന്നും വിടുതൽ നേടുന്നതോടെ അപവർഗ്ഗം അഥവാ മോക്ഷം യഥാവിധി ലഭിയ്ക്കുന്നു.||2||

(തുടരും)

***ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)***

***അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും***





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

***മഹർഷി ദയാനന്ദ സരസ്വതി***

*തർജ്ജമ: കെ.എം. രാജൻ*




**ഈ** ഇടിമുഴക്കത്തെ ഇന്ദ്ര-വജ്ര-സംഘാത-ജന്യ ശബ്ദമെന്ന് വർണ്ണിക്കുന്നുണ്ട്. ഇതിന്റെ യഥാർത്ഥ അർത്ഥം ഇന്ദ്രൻ അഥവാ സൂര്യനും സൂര്യന്റെ താപവും കാരണം വൈദ്യുതിയും മേഘഗർജ്ജനവുമുണ്ടാവുന്നുവെന്നാണ്.

ഇന്ദ്രൻ തന്റെ വജ്രം കൊണ്ട് ബലിയെ അടിക്കുന്നതിനാലാണിത് (ഇടിമുഴക്കം) സംഭവിക്കുന്നത് എന്നു പറയുന്ന കഥകളെല്ലാം വ്യാജമാണ്. ബലിരാജാവ് പാതാളത്തിലാണ് ഭരണം നടത്തുന്നത്. പാതാളമെന്നത് അമേരിക്കയാണ്. അമേരിക്കയിലിപ്പോൾ എവിടേയാണ് ബലിരാജാവ് വസിക്കുന്നത്? അതേപോലെ വേദി പടുക്കുമ്പോൾ ഒരിഷ്ടിക ചെരിഞ്ഞുപോയാൽ യജമാനൻ മരണമടയുമെന്നു തുടങ്ങിയ കഥകളെല്ലാം നിരാധാരമാണ്. ഇത്തരം അന്ധവിശ്വാസങ്ങളെല്ലാം നവീനരായവർ തങ്ങളുടെ സ്വാർത്ഥതാത്പര്യങ്ങൾക്കുവേണ്ടി പടച്ചുണ്ടാക്കിയവയാണ്. തങ്ങൾ പറയുന്നത് കണ്ണടച്ചുവിശ്വസിക്കുവാനും ചോദ്യങ്ങളുന്നയിക്കരുതെന്നുമാണ് അവർ പറയുന്നത്. ചോദ്യം ചെയ്താൽ നാസ്തികനായിതീരുമെന്നും അവർ ഭീഷണിപ്പെടുത്തി.

ഇനി ഹോമം ചെയ്യുമ്പോൾ വേദമന്ത്രങ്ങൾ ചൊല്ലുന്നതെന്തിനാണെന്ന് ചോദിയ്ക്കുകയാണെങ്കിൽ അതിനുള്ള ഉത്തരമിതാണ്. രണ്ടു പ്രവർത്തികൾ ഒരേ സമയത്തു ചെയ്യാനാവുമെങ്കിൽ നാമത് ചെയ്യണം. ഈ ഉദ്ദേശ്യത്തോടെയാണ് പ്രാചീന ആര്യന്മാർ കൈകൾകൊണ്ട് ആഹുതികൾ ചെയ്യുമ്പോൾ വായ് നിശ്ചലമായിരിക്കരുതെന്നും പരമേശ്വരന്റെ സ്തുതി പ്രാർത്ഥന നടത്തണമെന്നും നിഷ്കർഷിച്ചത്. അതിനാൽ പണ്ടത്തെ ഋഷിമാർ വേദമന്ത്രങ്ങൾ ചൊല്ലിയിരുന്നു. ഇതിനാലാണ് ബ്രാഹ്മണർ വേദങ്ങളെ കണ്ഠസ്ഥമാക്കി ഇതുവരേക്കും സംരക്ഷിച്ച് നിലനിർത്തിയത്. വേദമന്ത്രങ്ങൾ ചൊല്ലുന്നതിലൂടെ ഈശ്വരഭക്തിയുണ്ടാവുകയും അതിലൂടെ വിചാരശക്തിയും ഉൽപ്പന്നമാവുന്നുവെന്നതും ഇതിന്റെ ഗുണമാണ്.

**ത്രാതാരമിന്ദ്രമവിതാരമിന്ദ്രം ഹവാമഹേ | (ഋഗ്വേദം 6.47.11)**

മന്ത്രം ചൊല്ലുന്നതോടൊപ്പം കൈകൾ കൊണ്ടു ചെയ്യുന്ന ക്രിയകൾക്ക് പലപ്പോഴും പരസ്പരബന്ധം ഇല്ലായെന്നുവരാം. മന്ത്രോച്ചാരണത്തിന്റെ ഉദ്ദേശ്യവും അതല്ല. പരമേശ്വരന്റെ സ്തുതിമുഖത്തിൽ നിന്നാണ് വരുന്നത്. ഇതാണ് പ്രധാനഉദ്ദേശ്യം. ഹോമത്തിന്റെ ലാഭങ്ങൾ പറയുന്ന മന്ത്രങ്ങളുണ്ട്. വേദമന്ത്രോച്ചാരണം മൂലം വേദങ്ങളുടെ സംരക്ഷണമാണ് മുഖ്യമായ

***മാ സ്രോധത (ഋഗ്വേദം 6.32.9)***

***ഹിംസ ചെയ്യാതിരിക്കൂ***

പ്രയോജനമെന്ന് സാരം.

**ചോദ്യം : വേദങ്ങളിൽ അശ്ലീല കഥകളുണ്ടെന്ന് ചിലർ പറയുന്നുവല്ലോ?**

**ഉത്തരം**: വേദങ്ങളിലൊരിടത്തും അശ്ലീല കഥകളില്ല. മഹീധരൻ തുടങ്ങിയ നവീനൻമാരായ വ്യാഖ്യാതാക്കളാണ് ഇത്തരം കഥകൾ എഴുതി പിടിപ്പിച്ചത്. വേദങ്ങളുടെ ദോഷമല്ലിത്. ഭാഷ്യകാരൻമാരുടെ അശ്ലീലബുദ്ധി ദോഷമാണ് ഇത്. സുവാസിനി (സൗമ്യവതി)യായ ഒരു സ്ത്രീ ഏതെങ്കിലും വിധവയെ നമിക്കുകയാണെങ്കിൽ വിധവ പറയുന്നതെന്തായിരിക്കും ? അതായത് 'വരൂ സഹോദരീ എന്നോടൊപ്പം' എന്ന ആശിർവ്വാദം നൽകും'. ഇത്തരത്തിൽ തത്പരകക്ഷികളായവർ വേദങ്ങളിൽ നിന്ന് സ്വന്തം അർത്ഥങ്ങൾ കണ്ടെത്തി. ശതപഥബ്രാഹ്മണം നോക്കുക.

**ശ്രീർവ്വാ രാജ്യസ്യാഗ്രമിത്യാദി (ശതപഥബ്രാഹ്മണം 16. 2. 9. 7 ൽ ശ്രീർവ്വാവൃക്ഷസ്യാഗ്രമ് എന്ന പാഠമാണ്).**

അശ്വമേധയാഗത്തിൽ കുതിരയുടെ ലിംഗം യജമാനപത്നി വൃത്തിയാക്കുന്നതുമായി ബന്ധപ്പെട്ടതാണിതെന്ന് ചിലർ പറയുന്നു. ഇത്തരത്തിലൊന്നും വേദത്തിൽ തീരെ ഉപദേശിച്ചിട്ടില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് എഴുതപ്പെട്ട അശ്ലീല കഥകൾ കേൾക്കുമ്പോൾ മനം പുരട്ടാൻ വരും. ഇത്തരം കഥകൾ കെട്ടിച്ചമച്ചില്ലെങ്കിൽ ഇവ ഒരിക്കലും പ്രചാരത്തിൽ വരുമായിരുന്നില്ല. എന്തെന്നാൽ പദ്ധതി നിരൂപണഗ്രന്ഥങ്ങളിൽ ഇക്കാര്യം സ്പഷ്ടമായി കാണുന്നുണ്ട്.

*(തുടരും)*


## ദയാനന്ദ സന്ദേശം വൈദിക മാസിക

*സത്യ - സനാതന - വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് - 679 504**
*Email: dayanandasandesam@gmail.com*
***ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.***

DAYANANDA SANDESAM
Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch


*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലൃയാഴി

**ആചാര്യ കിഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## അദ്ധ്യായം 3



**കൂ**മൻ (മൂങ്ങ) ലോകത്തെ സോൽസാഹം ഇരുട്ടിന്റെ മടിയിലേക്ക് വരവേറ്റപ്പോൾ കാലങ്കോഴി സകലതിനേയും സ്വപ്നലോകത്തേക്ക് "കൂ...വാ"യെന്ന് കൂകി വിളിച്ചു. എന്നാൽ ഭീകരാന്തരീക്ഷത്തിൽ ഹെഡ്ലൈറ്റ് പായിച്ച് തോക്കുചൂണ്ടി, പരിസരജ്ഞാനമെന്നിയെ ഇരയെ മാത്രം ലക്ഷ്യമാക്കിപായുന്ന തൻകാര്യരമണനായ വേട്ടക്കാരനെപ്പോലെ ചൂളം വിളിച്ചുകൊണ്ട് ചുരം പിളർന്ന് കുതിയ്ക്കുകയാണ് അട്ടികല്ലിൻമേൽ ഇരവിഴുങ്ങി നീണ്ടുനിവർന്നു കിടക്കുന്ന പെരുമ്പാമ്പിനൊത്ത റെയിൽ പാളത്തിലൂടെ കുതിയ്ക്കുകയാണ്.

വണ്ടി ചുരം കടന്നു, കേരളം വിട്ടു, ജലദൗർബല്യമുള്ള എന്നാൽ പെയ്ത വെള്ളം ആവിയായി മേലോട്ടല്ലാ, താഴോട്ട് വലിയാത്ത വളക്കൂറുള്ളതും ഇഴുക്കമാർന്നതും ചുണ്ണാമ്പുകലർന്നതുമായ മണ്ണുള്ള ഡക്കാൻ പീഠഭൂമിയിലെത്തി. ലോകം ഇരുട്ടിന്റെ വായിലമർന്നു. യുദ്ധകാലത്തെ അനുസ്മരിപ്പിച്ചുകൊണ്ട് വിളക്കുകൾ അർദ്ധനീലിമീതാക്ഷികളെന്നോണം മങ്ങി പ്രകാശിയ്ക്കുന്ന കമ്പാർട്ട്മെന്റ് മാത്രമായി പരിമിതപ്പെട്ടു ലോകം.

ബീഡികുറ്റികളും സിഗററ്റിൻതുണ്ടുകളും മറ്റും ചിതറികിടക്കുന്ന ബോഗിയിൽ കയറിപ്പറ്റിയവർ അറിവും പരിചയവും ബന്ധവുമില്ലാത്ത ദിക്കുകാരാണെങ്കിലും ഒത്തുചേരുന്ന അൽപ്പനേരത്തേയ്ക്ക് ബന്ധുത്വവും പരിചയവും മൈത്രിയും ഭാവിയ്ക്കുന്നു. വൃശ്ചികം ഒന്നാം തിയ്യതിമുതൽ മഞ്ഞുകാലത്ത് ഹിമാലയനദികളിൽ ഉണ്ടാകാറുള്ള വെള്ളപ്പൊക്കം പോലെ തുടങ്ങി മകരജ്യോതിദർശനത്തോടെ വേനലിലെ ഭാരതപ്പുഴയെന്നോണം സമാപിയ്ക്കുന്ന അയ്യപ്പഭക്തരരുടെ സമഭാവനാ സമാനം.

സംഗമംസന്തുഷ്ടിയും വിയോഗം വേദനയുമാണ് ചിലേടങ്ങളിലെങ്കിൽ മറ്റു ചിലേടങ്ങളിൽ സന്താപം, സംഭ്രാന്തി, നിരാശ, ആകാംക്ഷ ഇത്യാദി നാനാതരം വികാരതരംഗങ്ങളുടെ ഉദാത്താനുദാത്ത സ്വരിത സ്വപ്നങ്ങൾ പാറിപ്പറക്കുന്നു. നാനാതരം ശബ്ദതരംഗാവലിയാൽ മുഖരിതമാണ് അന്തരീക്ഷം. നിരർത്ഥകമായ ഒരിരമ്പക്കം മാത്രം. കടൽത്തീരത്തെ രാത്രിപോലെ.

സംഭവങ്ങളിൽ ശ്രദ്ധിക്കാതെ നിർമമത്വത്തോടെ കറങ്ങുന്ന കാലചക്രം പോലെ വണ്ടിചക്രം അതിന്റെ വഴിയ്ക്ക് ഉരുണ്ടു. നേരം പാതിരയോടടുത്തു. നിദ്രാഭാരം വയ്യാഞ്ഞ് കൺപോളുകൾ തളർന്നു കുനിഞ്ഞു ചിലരിരുന്നു. ചിലർ ചാഞ്ഞും ചെരിഞ്ഞും മയങ്ങി. ബോഗിശാന്തതയിലാണ്ടു.

ജാഗ്രത് - സ്വപ്ന - സുഷുപ്തികളെന്ന മൂന്നവസ്ഥകളാണല്ലോ ജിവനുള്ളത്. അവയിൽ രണ്ടാമത്തതിലേക്ക് പാച്ചൻ പ്രവേശിച്ചു. കേട്ടും കണ്ടുമറിഞ്ഞവയെല്ലാം ഓരോന്നായി സിനിമാസമാനം മനസ്സിന്റെ സ്കീനിൽ തെളിഞ്ഞും മങ്ങിയും കണ്ടു തുടങ്ങി.

*(തുടരും)*

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*